# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 413 — 04.06.2018 — ൽ മറുപടിക്ക്

## എ.പി.എൽ. വിഭാഗക്കാർക്ക് ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ആർ. രാമചന്ദ്രൻ | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഇ-പോസ് മെഷീൻ ഏർപ്പെടുത്തിയ ശേഷം എ.പി.എൽ. വിഭാഗക്കാർക്ക് ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വിവിധ മുൻഗണനാ വിഭാഗങ്ങൾക്കുള്ള വിതരണ അനുമതി ലഭിച്ച് ദിവസങ്ങൾ കഴിയുമ്പോഴാണ് പല ജില്ലകളിലും എ.പി.എൽ. വിഭാഗക്കാർക്ക് റേഷൻ വിഹിതം ലഭിക്കുന്നത് എന്നതിനാൽ ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | എല്ലാ വിഭാഗത്തിനുമുള്ള ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റും വിതരണ അനുമതിയും ഒന്നിച്ചാണ് നൽകി വരുന്നത്. |
| (സി) | റേഷൻ വിഹിതത്തിനു പുറമേ കാർഡുടമകൾക്ക് കൂടുതൽ ഭക്ഷ്യ ധാന്യങ്ങൾ റേഷൻ കട വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | റേഷൻ വിഹിതം നൽകിയിരുന്നത് മുൻഗണനേതര പട്ടികയിലെ നോൺ സബ്സിഡി വിഭാഗത്തിന്റേത് 2 കി.ഗ്രാമിൽ നിന്നും 4 കി.ഗ്രാമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ലഭ്യതയുടെ അടിസ്ഥാനത്തിൽ കൂടുതൽ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ